m-351

# റി-ടെൻഡർ പരസ്യം

പൊതുവിദ്യാഭ്യാസ വകുപ്പ്
(വി എച്ച് എസ് ഇ വിഭാഗം)
ഗവ. വി എച്ച് എസ് എസ് കുഞ്ചത്തൂർ
കുഞ്ചത്തൂർ പി ഒ,കാസറഗോഡ്
പിൻ 671323
ഫോൺ നമ്പർ- 04998279150
ഇ മെയിൽ:gvhsskunjathur14009@gmail.com

**ടെൻഡർ നമ്പർ- വി ഇ- 04/2023/II** തീയ്യതി 09/11/2023

കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂർ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിലെ ഫിറ്റ്നസ് ട്രെയിനർ എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് റി-ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിതരണം ചെയ്യേണ്ടുന്ന ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടെൻഡർ അടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് "**ഫിറ്റ്നസ് ട്രെയിനർ ലാബിലേക്കുള്ള ഉപകരണങ്ങളുടെ വിതരണം**" എന്ന് രേഖപ്പെടുത്തേണ്ടതാണ്. **അടങ്കൽ തുക ₹5,00000/- (അഞ്ചു ലക്ഷം രൂപാ മാത്രം** ) രൂപയാണ്.ടെൻഡർ ഉൾക്കൊള്ളുന്ന ടി കവറുകൾ എത്തിക്കേണ്ടത് **പ്രിൻസിപ്പാൾ , ജിവിഎച്ച്എസ്എസ് കുഞ്ചത്തൂർ, പി ഒ കുഞ്ചത്തൂർ, കാസർഗോഡ് പിൻ 671323** എന്ന വിലാസത്തിലാണ്. മുദ്രവച്ച ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി **22/11/2023 ഉച്ചക്ക് ശേഷം 2:00 മണിക്കാണ്.** താമസിച്ചു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന ടെൻഡറുകൾ **23/11/2023 , ഉച്ചക്ക് ശേഷം 1:30 മണിക്ക്** സന്നിഹിതരായിരിക്കുന്ന ടെൻഡർമാരുടെയോ അതും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിരിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡർ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ പ്രിൻസിപ്പാൾ ,ജിവിഎച്ച്എസ്എസ് കുഞ്ചത്തൂർ, പി ഒ കുഞ്ചത്തൂർ കാസറഗോഡ് പക്കൽ നിന്നും ടെൻഡർ ഫോം വാങ്ങേണ്ടതും ടി ഫോറത്തിൽ ടെൻഡർ സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോമിലുള്ള അപേക്ഷയ്ക്ക് ഒപ്പം ഒരു ഫോറത്തിന് നിർണയിച്ചിട്ടുള്ള വിലയായ **₹1000/-( ആയിരം രൂപ മാത്രം** ) രൂപ പണമായി അടക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ തരുന്നതല്ല. ടെൻഡർ ഫോം വിലയുടെ ജി എസ് ടി തുകയായ 12%, ജി എസ് ടി ഹെഡിൽ അടച്ച് ചലാൻ കൗണ്ടർ ഫോയിൽ ടെൻഡർ ഫോറത്തിന്റെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫോറത്തിന്റെ വിൽപ്പന **21/11/2023 ഉച്ചക്ക് ശേഷം 4.00 മണിക്ക്** അവസാനിക്കുന്നതാണ്. ചെക്ക്, തപാൽ സ്റ്റാമ്പ് മുതലായവ ടെൻഡർ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെൻഡർ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം നിരതദ്രവ്യ നിക്ഷേപമായി അടക്കേണ്ടതും ടി തുക ₹1500 /- രൂപയിൽ കുറയാൻ പാടില്ലാത്തതുമാകുന്നു. നിരതദ്രവ്യ നിക്ഷേപ തുക **പ്രിൻസിപ്പാൾ , ജിവിഎച്ച്എസ്എസ് കുഞ്ചത്തൂർ** എന്ന പേരിൽ **മഞ്ചേശ്വരത്തു** മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി അടക്കാവുന്നതാണ്. കൂടാതെ ₹200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ടെൻഡറിൽ പറഞ്ഞിരിക്കുന്ന തുക ടെൻഡർ സ്വീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് മാറ്റമില്ലാതെ തുടരുന്നതായിരിക്കും. പ്രിൻസിപ്പാൾ ജിവിഎച്ച്എസ്എസ് കുഞ്ചത്തൂരിന് ടെൻഡർ നീട്ടിവയ്ക്കാനോ റദ്ദാക്കാനോ അധികാരം ഉണ്ടായിരിക്കുന്നതാണ്. ദർഘാസ് സ്വീകരിക്കുന്ന പക്ഷം വിതരണ ഉത്തരവ് നൽകുന്ന മുറയ്ക്ക് പറയുന്ന കാലാവധിക്കുള്ളിൽ കരാർ തുകയുടെ അഞ്ചു ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും ₹500/- രൂപ വിലയുള്ള കേരള സർക്കാർ മുദ്ര പത്രത്തിൽ കരാർ പത്രവും നൽകേണ്ടതാണ്. ഗവണ്മെന്റ് ടെൻഡറിന് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമാകുന്നു

GOVERNMENT VOCATIONAL HIGHER SECONDARY SCHOOL • KUNJATHUR KASARAGOD DIST

09/11/2023

Principal
Govt. V.H.S.S.,Kunjathur
Kasaragod Dt.-671 323